**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡ് (രാജപാത) പുനർ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പഴയ ആലുവ-മൂന്നാർ റോഡ് (രാജപാത) പുനർ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ആവശ്യത്തിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്, ഈ റോഡ് തുറക്കണമെന്ന് കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്, കോതമംഗലം എം.എൽ.എ ആവശ്യപ്പെട്ട പ്രകാരം ഈ റോഡിൽ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്ന് കാണിച്ച് വനം വകുപ്പിന്റെ കോടനാട് ഡിവിഷൻ കാര്യാലയത്തിലും, കോതമംഗലം ഉപവിഭാഗം കാര്യാലയത്തിലും മൂന്നാർ ഡിവിഷൻ കാര്യാലയത്തിനും പലതവണ കത്ത് അയച്ചിരുന്നു.. ഇതുവരെ അനുകൂലമായ ഉത്തരവ് ലഭിച്ചില്ല. ഇതേ തുടർന്ന് മറ്റ് നടപടികൾ സാധ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ദൂരമാണ് വകുപ്പിന്റെ കീഴിലുള്ളത്; | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ആലുവ-മൂന്നാർ റോഡ് (രാജപാത) പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ 40 കി.മീറ്റർ ദൂരം നീളം കാണിക്കുന്നുണ്ട് എങ്കിലും ഏകദേശം 29.8 കി.മീറ്റർ വരെയാണ് നിരത്ത് വിഭാഗം പരിപാലിക്കുന്നത്. |
| (സി) | വനം വകുപ്പിന്റെ അധീനതയിൽ എത്ര കിലോമീറ്റർ ദൂരമാണുള്ളത്; ഇത് പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണത്തിനായി വിട്ടുകിട്ടുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ഈ റോഡിന്റെ 29.8 കി.മീറ്റർ മുതൽ 40 കി.മീറ്റർ വരെയുള്ള (പൂയംകുട്ടി മുതലുള്ള ഭാഗം- ജനവാസമില്ലാത്ത വനമേഖല) 10.2 കി.മി. ദൂരം വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന്കൈമാറാത്തതിനാൽ ആ ഭാഗത്തേക്ക് പ്രവേശിക്കുവാനും, ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിച്ചിട്ടില്ല. ആലുവ മൂന്നാർ റോഡ് പുനർനിർമ്മിച്ച് സഞ്ചാര യോഗ്യമാക്കു ന്നതിനായി റോഡ് വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും Investigation Estimate തയ്യാറാക്കുന്നതിനും പ്രവൃത്തി നടപ്പിലാക്കുന്നതിനും വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനായി നൽകിയ അപേക്ഷ |

| | | | |
|---|---|---|---|
| | | | വനം വകുപ്പിന്റെ പരിശോധനയിലാണ്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് എടുക്കുന്നതിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി നിലവിൽ ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത റോഡിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനംവകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; പ്രസ്തുത എൻ.ഒ.സി. ലഭ്യമാകുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ഈ റോഡിന്റെ 29.8 കി.മീറ്റർ മുതൽ 40 കി.മീറ്റർ വരെയുള്ള (പൂയംകുട്ടി മുതലുള്ള ഭാഗം-ജനവാസമില്ലാത്ത വനമേഖല) 10.2 കി.മി. ദൂരം വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന്കൈമാറാത്തതിനാൽ ആ ഭാഗത്തേക്ക് പ്രവേശിക്കുവാനും, ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിച്ചിട്ടില്ല. ആലുവ മൂന്നാർ റോഡ് പുനർനിർമ്മിച്ച് സഞ്ചാര യോഗ്യമാക്കു ന്നതിനായി റോഡ് വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും Investigation Estimate തയ്യാറാക്കുന്നതിനും പ്രവൃത്തി നടപ്പിലാക്കുന്നതിനും വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനായി നൽകിയ അപേക്ഷ വനം വകുപ്പിന്റെ പരിശോധനയിലാണ്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് എടുക്കുന്നതിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി നിലവിൽ ലഭ്യമായിട്ടില്ല. |
| (ഇ) | 1924-ലെ വെള്ളപ്പൊക്കത്തിൽ സഞ്ചാരയോഗ്യമല്ലാതായി തീർന്ന പ്രസ്തുത റോഡ് നാളിതുവരെ പുനർ നിർമ്മിക്കാത്ത സാഹചര്യത്തിൽ വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കി അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ